# ഇൻഫാമിന്റെ പോരാട്ടം സഫലമായി

## കേരകർഷകർക്ക് - ആശ്വാസമേകുന്ന നീര ഉത്പാദനം

സ്വന്തം ലേഖകൻ

ഇന്ത്യൻ കർഷകരുടെ നിലനില്പിനായി പോരാടിക്കൊണ്ടിരിക്കുന്ന യഥാർത്ഥ കർഷക സംഘടനയാണ് ഇൻഡ്യൻ ഫാർമേഴ്സ് മൂവ്മെന്റ് (ഇൻഫാം) ഒരു രാഷ്ട്രീയ പാർട്ടിയുടേയും വാലാകാതെ കർഷക ദ്രോഹ നടപടികൾ സ്വീകരിക്കുന്ന ഏതു സർക്കാരിനെതിരെയും സമരം ചെയ്യുന്ന യഥാർത്ഥ കർഷക സംഘടനയായ ഇൻഫാം അതിന്റെ ആരംഭ കാലഘട്ടം മുതൽ എല്ലാവിഭാഗത്തിൽപെട്ട കർഷകരുടെയും ആവശ്യങ്ങൾക്കായി പോരാടിയിട്ടുണ്ട്. കേരളത്തിലെ തെങ്ങു കർഷകർ ഒട്ടനവധി വിഷമസന്ധികളിൽ പെട്ടു നട്ടം തിരിയുകയാണ്. എപ്പോഴും വിലത്തകർച്ച, നാളികേരസംഭരണ സംവിധാനത്തിന്റെ അപാകതകൾ പരിമിതികൾ, പാമോയിൽ ഇറക്കുമതികൊണ്ട് വെളിച്ചെണ്ണയുടെ വിലയിടിവ്, പച്ചതേങ്ങാ സംവിധാനത്തിലെ പാളിച്ച ഇതൊക്കെകൊണ്ട് നാളികേര കർഷക ജീവിതം ദുരിതമയമാണിന്നും. കേരത്തിന്റെ നാടായ കേരളനാട്ടിൽ കേരകർഷകർ ദുരിതത്തിൽപെട്ടു കേഴുമ്പോൾ അന്യ സംസ്ഥാനക്കാർ ഈ കൃഷിയിലും മുന്നേറുന്നു.

കാലങ്ങളായി തുടരുന്ന ഈ അവസ്ഥയിൽ നിന്നു കർഷകരെ മോചിപ്പിക്കാൻ ഇൻഫാം പല നൂതന പദ്ധതികളും ആവിഷ്കരിച്ച് സർക്കാർ സമക്ഷം അവതരിപ്പിച്ചിട്ടുണ്ട്. അതിൽ ഏറ്റവും പ്രധാനപെട്ട പദ്ധതിയായിരുന്നു. തെങ്ങിൽ നിന്നുള്ള നീര ഉത്പാദനം. പുളിക്കാത്ത കള്ളാണ് നീര. കള്ള് പുളിക്കാതെ കുടത്തിൽ നിന്നെടുത്ത് സംസ്കരിച്ച് ഒട്ടും ആൽക്കഹോളില്ലാതെ വിപണിയിലെത്തിക്കുന്നതിനുള്ള നിർദേശം ഇൻഫാമിന്റെ ദേശീയ സാരഥിയായിരുന്ന റവ.ഫാ. മാത്യു വടക്കേമുറി വിപുലവും വ്യക്തവുമായ പദ്ധതി രേഖയായി സർക്കാരിനു സമർപ്പിച്ചിരുന്നു. പത്തുവർഷങ്ങൾക്കു മുമ്പേ സംസ്ഥാന സർക്കാരിനു നൽകിയ പദ്ധതി നടപ്പിലാക്കാൻ ഇടതുവലതു സർക്കാരുകൾക്ക് കഴിഞ്ഞില്ല. ചെത്തു തൊഴിലാളികൾക്കും കള്ളു വ്യവസായത്തിനും ദ്രോഹത്തിന്റെ അള്ളു വയ്ക്കുന്ന കാര്യമാണിതെന്നു കരുതി നീര ഉത്പാദനത്തിനു പച്ചക്കൊടി കാട്ടാൻ പേടിച്ചു മടിച്ചു നിന്നു.

കള്ളു ചെത്ത് കാലാകാലങ്ങളായി കേരളത്തിലുണ്ട്. കള്ള് മദ്യമെന്ന നിലയിൽ വലിയ തോതിൽ ഉപയോഗിക്കുന്നു. അതിൽ നിന്നു വൻ വരുമാനം സർക്കാരിനു ലഭിക്കുന്നു. എന്നാൽ തെങ്ങിൽ നിന്നുള്ള ശുദ്ധ കള്ള് ലഭിക്കാതെ തന്നെ ഇവിടെ കള്ളുണ്ടാവുന്നുണ്ട്. ലഹരിയുടെ ചിറകിൽ പറത്തി ആരോഗ്യം തകർക്കുന്ന അത്തരം വ്യാജ കള്ളുകൾ വ്യവസായ ഉത്പന്നമായി ഇവിടെ വിലസുന്നു.





എന്തായാലും ചെത്തു തൊഴിലാളികളുടെ തൊഴിൽ നഷ്ടപ്പെടുത്താതെ നീര ചെത്തുന്നതിൽ ചെത്തുതൊഴിലാളികൾക്കു മുൻഗണന നൽകിയിട്ടുണ്ട്. കള്ളു ഷാപ്പുകൾ ലേലത്തിൽ പോകാത്ത തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ രണ്ടു യൂണിറ്റുകളിൽ വീതം പദ്ധതി നടപ്പിലാക്കാൻ യു.ഡി.എഫ് സർക്കാർ തീരുമാനിച്ചത് സ്വാഗതാർഹമായ കാര്യമാണ്.

കള്ളു ചെത്തു വ്യവസായത്തെ സംരക്ഷിച്ചു കൊണ്ടു തന്നെ തുടർന്ന് എല്ലാ ജില്ലകളിലും 1500 തെങ്ങുകളുള്ള ഓരോ യൂണിറ്റിൽ പരീക്ഷണാടിസ്ഥാനത്തിൽ പദ്ധതി നടപ്പാക്കാനാണ് സർക്കാർ തീരുമാനം. തെങ്ങു കർഷകരുടെ ദുരിതത്തേങ്ങലിനു നല്ലരീതിയിൽ ശമനം വരുത്തുവാൻ സർക്കാരിന്റെ ഈ തീരുമാനത്തിലൂടെ കഴിയും. നീരയുല്പാദിപ്പിക്കുന്നതിന് കർഷകനു പരിപൂർണ്ണസ്വാതന്ത്ര്യം നൽകണം. പരിമിതികളില്ലാതെ കേരളത്തിൽ വ്യാപകമായി നീരയുല്പാദിപ്പിക്കാനുള്ള സാഹചര്യമുണ്ടായാലേ ഈ പദ്ധതി വിജയിക്കൂ.

കേരകർഷകരെ രക്ഷിക്കാൻ സർക്കാർ പല കാര്യങ്ങൾ ചെയ്യുന്നെങ്കിലും അതൊന്നും നന്നേ ഫലിക്കുന്നില്ലെന്നാണ് അനുഭവം. കർഷകർക്ക് ഉടൻ വരുമാനം കിട്ടാൻ പച്ചത്തേങ്ങാ സംഭരണം തുടങ്ങി. സഹകരണ സംഘങ്ങളിലൂടെയുള്ള ഈ പദ്ധതി കേരളമാകെ വ്യാപകമായിട്ടില്ല. കാര്യക്ഷമമായി കേരളത്തിലെല്ലായിടത്തും നടപ്പിലാക്കിയാലേ തെങ്ങു കർഷകർക്കു രക്ഷയുണ്ടാവൂ. ആരംഭശൂരത്വമായി പദ്ധതി ഇഴഞ്ഞു നീങ്ങുന്നു ഇപ്പോഴും.

തേങ്ങാക്കച്ചവടത്തേക്കാൾ കർഷകർക്കു ഗുണത്താങ്ങായി. വളരെ ലാഭകരമായ പദ്ധതിയാണ് ഇളനീർ വില്പന. സർക്കാരും നാളികേര വികസന ബോർഡും ഇളനീർ പാർലർ തുടങ്ങുന്നവർക്ക് സബ്സിഡി നൽകുന്നുണ്ട്. ഇളനീർ സംസ്കരിച്ച് കയറ്റുമതി ചെയ്യുന്നതിനുള്ള യൂണിറ്റുകൾ ധാരാളം ഉണ്ടാവണം. ശീതളപാനീയം നിർമ്മിക്കുന്ന വിദേശ ബഹുരാഷ്ട്ര കമ്പനികൾ കേരളത്തിൽ നിന്ന് ഇളനീർ വാങ്ങാൻ താല്പര്യപ്പെടുന്നുണ്ട്. അവർക്കത് സംസ്കരിച്ചു കൊടുക്കാനുള്ള സാഹചര്യം വർദ്ധിക്കണം. സർക്കാർ ഈ കാര്യത്തിൽ ഊർജ്ജിത നടപടികൾ സ്വീകരിച്ചാൽ നാളികേര കർഷകർക്കു വലിയ ഗുണമുണ്ടാവും. നാളികേരത്തിൽ നിന്നുള്ള മൂല്യവർധിത ഉത്പന്നങ്ങൾ ഉണ്ടാക്കുന്ന കാര്യത്തിലും വിജയം നേടാൻ കഴിഞ്ഞിട്ടില്ല. എല്ലാം ആരംഭിക്കും തുടർനടപടികളിലൂടെ നേട്ടങ്ങളുണ്ടാകുന്ന സാഹചര്യം സൃഷ്ടിക്കാൻ സർക്കാരിനു കഴിയുന്നില്ല. ഇനിയുള്ള കാലം തേങ്ങാ വിറ്റുമാത്രം കേരകർഷകർക്കു നിലനില്ക്കാനാവില്ല. നീര ഉത്പാദനം കർഷകർക്ക് ഏറെ നേട്ടങ്ങൾ ഉണ്ടാക്കും. ഇതു വ്യാപകമായ പദ്ധതിയാക്കി മാറ്റാൻ സർക്കാരിനു കഴിയണം. സർക്കാർ കാര്യം മുറപോലെ ആകാതെ തീരുമാനത്തിൽ ഉറച്ചു നിന്ന് ഈ പദ്ധതി നടപ്പിലാക്കിയാൽ തെങ്ങു കർഷകർ രക്ഷപെടും.